## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1349** — **07-02-2023 - ൽ മറുപടിയ്ക്ക്**

## കോടഞ്ചേരി പുലിക്കയത്തുള്ള കയാക്കിംഗ് സെന്റർ നിർമ്മാണ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അന്തർദേശീയ കയാക്കിംഗ് മത്സരവേദിയായ കോടഞ്ചേരി പുലിക്കയം കയാക്കിംഗ് സെന്ററിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; | (എ) | **പുലിക്കയം കയാക്കിംഗ് സെന്റർ നിർമ്മാണത്തിനായി അനുവദിച്ച 99.14 ലക്ഷം രൂപ ഉപയോഗിച്ച് കയാക്കിംഗ് സെന്റർ ബിൽഡിംഗ് നിർമ്മാണം ആരംഭിക്കുകയും ഈ ബിൽഡിങ്ങിൽ കയാക്കിംഗ് ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്റ്റോർ റൂം, ടോയലറ്റ് ബ്ലോക്ക്, മീറ്റിംഗ് ഹാൾ, ഗാലറി എന്നിവയുടെ നിർമ്മാണം നടപ്പിലാക്കുകയും ചെയ്തു. കയാക്കിംഗ് അക്കാദമി ആണ് ഇവിടെ സ്ഥാപിക്കേണ്ടതെന്ന തീരുമാനത്തിന്റെ ഭാഗമായാണ് മേൽ പരാമർശിച്ച ഘടകങ്ങൾ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിയത്. എന്നാൽ നിലവിലെ കയാക്കിങ് അക്കാദമി സെന്ററിൽ ഫ്ളോറിങ് ടൈൽ, കൈവരികളുടെ നിർമ്മാണം, ടോയലറ്റ് ഫിറ്റിംഗ്സ്, പ്ലംബിങ് വർക്കുകൾ, കയാക്കിങ്ങിനാവശ്യമായ റാമ്പുകൾ എന്നീ പ്രവർത്തികൾ നടപ്പിലാക്കാൻ നിലവിലെ ഭരണാനുമതി തുക പര്യാപ്തമല്ലാതെ വന്നു. അതിനാൽ ഇതിലേയ്ക്കായി ഒരു റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.** |
| (ബി) | സെന്ററിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ; | (ബി) | **പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് നിലവിലെ നിർമാണ ഏജൻസി മുഖേന തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.** |
| (സി) | കയാക്കിംഗ് സെന്റർ വികസനത്തിന് കൂടുതൽ ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കൂടുതൽ ഫണ്ട് ആവശ്യമായി വരുന്ന പക്ഷം പരിശോധിച്ച് നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ